(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തിരുവനന്തപുരം നഗരത്തിൽ ഒരു ഹാബിറ്റാറ്റ് സെന്റർ

1 [597] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ തിരുവനന്തപുരം നഗരത്തിൽ ഒരു ഹാബിറ്റാറ്റ് സെന്റർ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടികൾ ആരംഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ഈ സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണം അറിയിക്കാമോ ;

(ഡി) ഹാബിറ്റാറ്റ് സെന്റർ കഴിയുംവേഗം പ്രവർത്തനം ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ ആന്റ് ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും ഹഡ്കോയും സംയുക്തമായി തിരുവനന്തപുരത്ത് ഒരു ഹാബിറ്റാറ്റ് സെന്റർ സ്ഥാപിക്കുന്നതിലേക്കായി കവടിയാർ കൊട്ടാരത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 2 പാർട്ട്,3 പാർട്ട് 4,5,6 പാർട്ട് എന്നീ നമ്പരുകളിൽപെട്ട 3.25 ഏക്കർ സർക്കാർ ഭൂമി 5-11-2002-ലെ ജി. ഒ. (എംഎസ്) 339/2002/ആർ. ഡി., 30-7-2003-ലെ ജി. ഒ. (എംഎസ്) 227/03 ആർ. ഡി എന്നീ ഉത്തരവുകൾ പ്രകാരം ഭവന നിർമ്മാണ ബോർഡിന് അസയിൻ ചെയ്തു നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 5-8-2004-ലെ ജി.ഒ. (എംഎസ്.) 257/2004 ആർ. ഡി. പ്രകാരം, ഭൂമിയുടെ വിലയിനത്തിൽ ബോർഡ് നൽകേണ്ട മൊത്തം തുകയായ 570,79,835 രൂപ 2005 സെപ്റ്റംബർ മുതൽ ഒരു വർഷം കൊണ്ട് തുല്യ അർദ്ധ വാർഷിക ഗഡുക്കളായി അടയ്ക്കുന്നതിന് അനുമതി നൽകുകയും 13-12-2004-ൽ പ്രസ്തുത സ്ഥലം ഭവന നിർമ്മാണ ബോർഡിന് കൈവശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) ഹാബിറ്റാറ്റ് സെന്റർ പദ്ധതിയെ സംബന്ധിച്ച് Feasibility and demand assessment study നടത്തുന്നതിന് മത്സര അടിസ്ഥാനത്തിൽ ക്ഷണിക്കപ്പെട്ട ടെൻഡറുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത M/s Chesterton Meghraj Property Consultants Pvt. Ltd-നെ HUDCO തെരഞ്ഞെടുക്കുകയുണ്ടായി കൺസൾട്ടന്റിന് നൽകേണ്ടുന്ന അവാർഡ് തുകയുടെ 50% ആയ 1,62,500 രൂപ ഭവന നിർമ്മാണ ബോർഡ് ഹഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. 2004 മേയ് 24-ന് പഠനം ആരംഭിക്കുകയും പഠനം പൂർത്തിയാക്കിയ ശേഷം ടി കൺസൾട്ടന്റ് സമർപ്പിച്ച ഡ്രാഫ്റ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനായി 7-10-2004-ൽ ഡൽഹിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഹഡ്കോ ഓഫീസിൽ വച്ച് ഭവന നിർമ്മാണ ബോർഡുമായി ചേർന്ന് നടത്തിയ ജോയിന്റ് മീറ്റിംഗിൽ ഹഡ്കോയും ബോർഡും ഒപ്പു വയ്ക്കേണ്ടുന്ന ധാരണാപത്രത്തിന്റെ ഡ്രാഫ്റ്റും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ റോഡ് മാപ്പും പ്രവർത്തന ക്രമവും സമർപ്പിക്കാൻ കൺസൾട്ടന്റിനോട് ആവശ്യപ്പെടുകയുണ്ടായി.

ഹഡ്കോയും ഭവന നിർമ്മാണ ബോർഡും സംയുക്ത സംരംഭമായി നടപ്പിലാക്കുന്ന ഹാബിറ്റാറ്റ് സെന്ററിന്റെ വികസനത്തിനും മാനേജ്മെന്റിനും വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) കമ്പനി രൂപീകരിക്കുന്നതിനുള്ള റോഡ് മാപ്പിന്റെ ഡ്രാഫ്റ്റും ഹഡ്കോയും, ബോർഡും ഒപ്പു വയ്ക്കേണ്ടുന്ന ധാരണാപത്രത്തിന്റെ ഡ്രാഫ്റ്റും 2004 ഡിസംബറിൽ ഹഡ്കോ, ഹൗസിംഗ് ബോർഡിന്റെ അംഗീകാരത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്. സർക്കാർ അംഗീകാരത്തോടെ ധാരണാപത്രം ഒപ്പു വച്ചാലുടൻ തന്നെ എസ്. പി. വി. കമ്പനി രൂപീകരിച്ചതിനുശേഷം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

വയനാട് ജില്ലയിലെ ഭൂരഹിത ആദിവാസികൾക്ക് ഭൂമി

2 [598] ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതുണ്ട് ;

(ബി) ഇതിലേക്കാവശ്യമായ ഭൂമി കണ്ടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സർക്കാർ ഫാമുകൾക്ക് പുറമേ സ്വകാര്യവ്യക്തികളുടെ ഭൂമിയും വിലക്ക് വാങ്ങി ആദിവാസികൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടി എടുക്കുമോ ?

ഉത്തരം

(എ) 14592 കുടുംബങ്ങൾക്ക്.

(ബി) ഭാഗികമായി കണ്ടെത്തിട്ടുണ്ട്. (134.91 ഏക്കർ)

(സി) ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ ഭൂമിയുടെ പാട്ടത്തുക

3 [599] ശ്രീ. എം. വി. ജയരാജൻ :

,, എ. സി. മൊയ്തീൻ :

,, രാജു എബ്രഹാം :

,, എ. കെ.. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമിയുടെ പാട്ടത്തുക ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly